A

| REG. NO. | | | | |
|---|---|---|---|---|

| Sign of Invigilator |
|---|
| |

بسم الله الرحمن الرحيم

# LEARN THE QUR-AN

## VIII[th] EXAMINATION FOR PART 19 & 20

## 2007 NOVEMBER

(റിയാദ് ഇന്ത്യൻ ഇസ്ലാഹീ സെൻറർ ഖുർആൻ പഠന പരീക്ഷാ പദ്ധതി)

## പരീക്ഷാ ചോദ്യക്കടലാസ്

**ഉത്തരക്കടലാസ് അസാധുവാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- റജിസ്ററർ നമ്പർ മുകളിലെ കോളത്തിൽ വ്യക്തമായി എഴുതുക.
- ഇൻവിജിലേററർ നിശ്ചിത സ്ഥാനത്ത് ഒപ്പ് വെച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
- ശരിയായ ഉത്തരത്തിനു നേരെമാത്രം ✓ അടയാളപ്പെടുത്തുക. വെട്ടിതിരുത്ത് ഒഴിവാക്കുക.
- പരീക്ഷാ ക്രമക്കേടുകൾ ഉണ്ടാക്കാതിരിക്കുക.

സമയം: 2 മണിക്കൂർ. മാർക്ക് :100

1. ഇബ്രാഹീം (അ)ന്റെ പ്രാർത്ഥനയിൽ നമുക്ക് മാതൃകയില്ലാത്തതേത്?

| | |
|---|---|
| A | രക്ഷിതാവേ എനിക്ക് വിജ്ഞാനം പ്രദാനം ചെയ്യുകയും സജ്ജനങ്ങളോട് ചേർക്കുകയും ചെയ്യേണമേ! |
| B | പിൽക്കാലക്കാരിൽ എനിക്ക് സൽക്കീർത്തി ഉണ്ടാക്കേണമേ! |
| C | എന്റെ പിതാവിന് നീ പൊറുത്ത് കൊടുക്കേണമേ, അദ്ദേഹം വഴിപിഴച്ചവരുടെ കൂട്ടത്തിലാണ്! |
| D | എന്നെ സുഖാനന്ദത്തിന്റെ സ്വർഗ്ഗാവകാശിയാക്കേണമേ! |

2. അധമന്മാരായ ആളുകൾ നിന്നെ പിന്തുടർന്നിരിക്കെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയോ? അദ്ദേഹം (നൂഹ്-അ) പറഞ്ഞു: "അവർ പ്രവർത്തിച്ചു വരുന്നതിനെപ്പററി എനിക്ക് എന്തറിവാണുള്ളത്" ഈ മറുപടിയിൽ നമുക്കുള്ള പാഠം?

| | |
|---|---|
| A | തൊഴിൽ നോക്കിയാണ് മനുഷ്യരുടെ കുലവും തറവാടും പരിഗണിക്കേണ്ടത് |
| B | തൊഴിൽ,വർഗ്ഗം ആദിയായതിന്റെ അടിസ്ഥാനത്തിൽ മനുഷ്യർക്ക് ഉച്ച നീചത്വം കൽപ്പിക്കാൻ പാടില്ല. |
| C | താണ ജോലി ചെയ്യുന്നവരെ താണ വർഗ്ഗമായി കാണുന്നതിൽ തെററില്ല. |
| D | തൊഴിൽ മനുഷ്യരുടെ വിശ്വാസത്തെ ബാധിക്കുന്നതാണ് |

3. യമനിലെ ഹദ്റമൗത്തിനടുത്ത് 'അഹ്ഖാഫ്' എന്ന സ്ഥലത്ത് താമസിച്ചിരുന്ന സമുദായമേത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മരക്കാവുകാർ | B | സമൂദ് | C | ആദ് | D | അറബികൾ |

4 ഒട്ടകത്തെ ഉപദ്രവിച്ചാൽ എത്ര ദിവസം കൊണ്ട് ശിക്ഷ എത്തിപ്പെടുമെന്നാണ് സ്വാലിഹ് നബി (അ) അറിയിച്ചത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | 7 ദിവസം | B | 3 ദിവസം | C | 5 ദിവസം | D | 1 ദിവസം |

5- ജിബ്രീൽ (അ)യുടെ പേരിൽ പെടാത്തതേത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | വിശ്വസ്താത്മാവ് | B | പരിശുദ്ധാത്മാവ് | C | മഹാദൂതൻ | D | ലോകാനുഗ്രഹി |

6- നബി (സ) ക്ക് വഹ്‌യ് ഇറങ്ങുന്ന രൂപത്തിൽ പെടാത്തതേത് (ഹദീസ്)

| | | | |
|---|---|---|---|
| A | മണിയടിക്കുന്ന ചലചല ശബ്ദം പോലെ | C | പകൽ വെളിച്ചം പോലെ പുലരുന്ന സ്വപ്നത്തിലൂടെ |
| B | അല്ലാഹു നേർക്കുനേരെ എത്തിച്ചു കൊടുക്കുക | D | മലക്ക് മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് |

7- പിടക്കോഴി കറ കറ എന്ന് കുറുകും പ്രകാരം ബന്ധുക്കളുടെ കാതിൽ അവർ കുറുകിക്കൊടുക്കുന്നു (ഹദീസ്). ആര്, ആരുടെ?

| | | | |
|---|---|---|---|
| A | ജോൽസ്യൻമാർ അനുവാചകരുടെ കാതിൽ | C | മലക്കുകൾ ജിന്നുകളുടെ കാതിൽ |
| B | ജിന്നുകൾ ജോൽസ്യൻമാരുടെ കാതിൽ | D | അവിശ്വാസികൾ അനുവാചകരുടെ കാതിൽ |

8- അവരുടെ വടികളും കയറുകളും നിലത്തിട്ടു.; എന്നിട്ട് ഇപ്രകാരം പറഞ്ഞു (ശുഅറാഅ്)

| | |
|---|---|
| A | അല്ലാഹുവിന്റെ സഹായത്താൽ ഞങ്ങൾ തന്നെയായിരിക്കും വിജയികൾ |
| B | പരദൈവങ്ങളുടെ സഹായത്താൽ ഞങ്ങൾ തന്നെയായിരിക്കും വിജയികൾ |
| C | ഫിർഔനിന്റെ വീര്യം കൊണ്ട് ഞങ്ങൾ തന്നെയായിരിക്കും വിജയികൾ |
| D | നിങ്ങളുടെയെല്ലാം കൃപ കൊണ്ട് ഞങ്ങൾ തന്നെയായിരിക്കും വിജയികൾ |

9- മദ്‌യനിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മൂസ (അ) | B | ലൂത്വ് (അ) | C | ഈസ (അ | D | ശുഐബ് (അ) |

10- ഫിർഔനും സംഘവും മൂസ (അ)നെയും അനുയായികളെയും ചെങ്കടൽ തീരത്ത് കണ്ടുമുട്ടിയത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | രാത്രിയിൽ | B | പ്രഭാതത്തിൽ | C | ഉച്ചക്ക് | D | സന്ധ്യക്ക് |

11- كالطود العظيم എന്ന വാക്കിന്റെ അർത്ഥം?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മലന്തിണ്ണ പോലെ | B | പാറമുനമ്പ് പോലെ | C | ഐസ് കട്ട പോലെ | D | കുന്ന് പോലെ |

12- ഇബ്‌റാഹീം നബി (അ)റബ്ബുൽ ആലമീനെ പരിചയപ്പെടുത്തിയതിൽ പെടാത്തത് ഏത്?

| | |
|---|---|
| A | എനിക്ക് ഭക്ഷണവും കുടിക്കാൻ വെള്ളവും തരുന്നവൻ |
| B | എനിക്ക് രോഗം ബാധിച്ചാൽ സുഖമാക്കുന്നവൻ |
| C | എന്നെ സൃഷ്ടിക്കുകയും മാർഗ്ഗദർശനം നൽകുകയും ചെയ്തവൻ |
| D | എന്നെ നബിയായിനിയോഗിച്ചവൻ |

13- ലൂത്വ് തടാകത്തിന്റെ പേരിൽ പെടാത്തത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ചാവുകടൽ | B | ചെങ്കടൽ | C | ഉപ്പുകടൽ | D | ദുർഗന്ധക്കടൽ |

14- ' അവർക്ക് എന്റെ മേൽ ഒരു കുററം (ആരോപിക്കാനുണ്ട്) ഏതാണാ കുററം?

| | | | |
|---|---|---|---|
| A | മൂസാ (അ) ദൈവദൂതനാണെന്ന വാദം | C | മൂസാ (അ) നിമിത്തം ഒരു ഖിബ്ത്വി മരിക്കാനിടയായത് |
| B | മൂസാ (അ) നാടുവിട്ട് മദ്‌യനിലേക്ക് പോയത് | D | മൂസാ (അ) ഫറോവയെ ദൈവമായി അംഗീകരിക്കാത്തത് |

15- പാറ വെട്ടിത്തുരന്ന് വീടുണ്ടാക്കിയ സമൂദായം?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ആദ് | B | സമൂദ് | C | മരക്കാവുകാർ | D | മദ്‌യൻ നിവാസികൾ |

16- മേഘത്തണൽ ശിക്ഷ കൊണ്ട് നശിപ്പിക്കപ്പെട്ട സമൂദായം?

| | | | | | | | |
|---|---|---|---|---|---|---|---|
| A | നൂഹ് (അ)ന്റെ ജനത | B | സ്വാലിഹ് (അ)ന്റ്ജനത | C | ലൂത്വ് (അ) ന്റെ ജനത | D | ശുഐബ് (അ)ന്റെ ജനത |

17- രണ്ടു സംഘവും കണ്ടുമുട്ടിയപ്പോൾ മൂസയുടെആൾക്കാർ പറഞ്ഞു: നാംപിടിക്കപ്പെട്ടത് തന്നെ, മൂസ പറഞ്ഞു……

| | | | |
|---|---|---|---|
| A | ഒരിക്കലുമില്ല, എന്റെ കൂടെ രക്ഷിതാവുണ്ട് അവൻ എനിക്ക് മാർഗ്ഗദർശനം നൽകിക്കൊള്ളും | C | ഒരിക്കലുമില്ല, നമുക്കവരിൽ നിന്ന് ഓടി രക്ഷപ്പെടാം |
| B | അതെ, നമ്മൾ പിടിക്കപ്പെട്ടതു തന്നെ | D | ഒരിക്കലുമില്ല, നമുക്കവരെ പരാജയപ്പെടുത്താം |

18- തൗഹീദിലേക്കുള്ള ക്ഷണത്തിനു പുറമെ മൂസാ (അ) ഫിർഔനോട് ആവശ്യപ്പെട്ടത്?

| | | | |
|---|---|---|---|
| A | ഈജിപ്തിന്റെ ഭരണം എന്നെ ഏൽപ്പിക്കുക | C | ബനൂ ഇസ്റാഈല്യരെ ഞങ്ങളോടൊപ്പം വിട്ടയക്കുക |
| B | ആൺകുട്ടികളെ വധിക്കുന്നത് അവസാനിപ്പിക്കുക | D | ഖിബ്തികളുടെ അക്രമങ്ങളിൽ നിന്ന് തടയുക |

19- ദുഷ്യ കവികളെപ്പറ്റി ഖുർആൻ പറയാത്തതേത്?

| | | | |
|---|---|---|---|
| A | ദുർമ്മാർഗ്ഗികളാണ് അവരെ പിൻപറ്റുന്നവർ | C | താഴ്വരയിൽ കൂടി അലഞ്ഞു തിരിയുന്നവർ |
| B | ഭാവനയിൽ നിന്ന് നെയ്തെടുക്കുന്നവർ | D | ചെയ്യാത്തത് പറയുന്നവർ |

20- 25 താഴെ തന്നിട്ടുള്ള ആയത്തുകൾക്ക് നേരെ ശരിയായ അർത്ഥത്തിന്റെ നമ്പർ ചേർക്കുക.

| | | |
|---|---|---|
| 1) ഇപ്പോൾ ഞങ്ങൾക്ക് ശുപാർശകന്മാരായി ഒരാളുമില്ല | | تَا للهِ إِنْ كُنَّا لَفِي ضَلَالٍ مُبِينٍ |
| 2) മഹാപാപികളല്ലാതെ ഞങ്ങളെ വഴി പിഴപ്പിച്ചിട്ടില്ല. | | إِذْ نُسَوِّيكُمْ بِرَبِّ الْعَالَمِينَ |
| 3) അനുകമ്പയുള്ള ഒരു ചങ്ങാതിയുമില്ല. | | وَمَا أَضَلَّنَا إِلَّا الْمُجْرِمُونَ |
| 4) ഇനി ഞങ്ങൾക്കൊരു മടക്കം കിട്ടിയിരുന്നെങ്കിൽ ഞങ്ങൾ സത്യവിശ്വാസികളിൽ ഉൾപ്പെടുമായിരുന്നു | | فَمَا لَنَا مِنْ شَافِعِينَ |
| 5) അല്ലാഹുവാണ് സത്യം നിശ്ചയം ഞങ്ങൾ പ്രത്യക്ഷമായ വഴിപിഴവിൽ തന്നെയായിരിക്കുന്നു. | | وَلَا صَدِيقٍ حَمِيمٍ |
| 6) ലോക രക്ഷിതാവിനോട് നിങ്ങളെ ഞങ്ങൾ സമപ്പെടുത്തിയപ്പോൾ | | فَلَوْ أَنَّ لَنَا كَرَّةً فَنَكُونَ مِنَ الْمُؤْمِنِينَ |

26 നഗരങ്ങളിലെ ആളുകളെ വിളിച്ചുകൂട്ടാൻ ഫിർഔൻ പറഞ്ഞ കാര്യങ്ങളിൽ ഇല്ലാത്തതേത്?

| | | | |
|---|---|---|---|
| A | ഇക്കൂട്ടർ കുറഞ്ഞ സംഘമാണ് | C | അവർ നമ്മെ അരിശം കൊള്ളിക്കുന്നവരാണ് |
| B | ഇവർ ആയുധമോ ഭക്ഷണമോ ലഭിക്കാത്തവരാണ് | D | നാം ജാഗരൂകരായ സംഘമാണ് |

27 - ഇസ്റാഈല്യരെ അടിമയാക്കി വെക്കാൻ 'അത്' നീ എന്റെ മേൽ എടുത്ത് പറയുന്ന ഒരനുഗ്രഹമാണ്- ഏത്?

| | | | |
|---|---|---|---|
| A | പാലൂട്ടാൻ സ്വന്തം ഉമ്മയെ തന്നെ ഏൽപ്പിച്ചത് | C | ഖിബ്തിയെ കൊന്നിട്ടും നിന്നെ ശിക്ഷിക്കാത്തത് |
| B | നദിയിൽ നിന്ന് കണ്ടെടുത്ത് രക്ഷിച്ചത് | D | കുട്ടിക്കാലത്ത് വളർത്തിയതും കുറേക്കാലം കൂടെ താമസിച്ചതും |

28- ഫിർഔൻ പറഞ്ഞു: "എങ്കിൽ ഞാൻ നിന്നെ ജയിലിലടക്കും" കാരണം

| | | | |
|---|---|---|---|
| A | ഇസ്റാഈല്യരെ നീ മോചിപ്പിച്ചാൽ | C | ഞാനല്ലാത്ത വല്ല ഇലാഹിനെയും നീ സ്വീകരിച്ചാൽ |
| B | ഈജിപ്തിന്റെ ചെങ്കോൽ കൈവശമാക്കിയാൽ | D | ജാലവിദ്യക്കാർ നിന്നെക്കൊണ്ട് വിശ്വസിച്ചാൽ |

29 അല്ലാഹുവല്ലാത്തവരോട് വിളിച്ചു തേടാൻ ഇബ്റാഹീം നബിയുടെ ആളുകൾ പറഞ്ഞ ന്യായം?

| | | | |
|---|---|---|---|
| A | അവർ ഉപകാരം ചെയ്യും | C | ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്തു |
| B | അവർ ഉപദ്രവം തടുക്കും | D | അവർക്ക് അല്ലാഹു എല്ലാ ശക്തിയും നൽകും |

30 - 36മൂസ (അ)യുടെ ചരിത്രത്തിൽ താഴെ പറയുന്ന വചനങ്ങൾ പറഞ്ഞത് ആരെല്ലാം? വാചകങ്ങൾക്ക് നേരെയുള്ള അക്ഷരങ്ങൾ പേരുകൾക്ക് നേരെ എഴുതുക

| | | | |
|---|---|---|---|
| A | നിങ്ങൾക്ക് ഇടാനുള്ളത് ഇട്ടേക്കൂ | | കൊട്ടാര പ്രമുഖർ |
| B | നീ ചെയ്തിട്ടുള്ള ആ പ്രവർത്തിയും നീ ചെയ്തു, നീ കാഫിറുകളിൽ പെട്ടവൻ തന്നെ. | | ഹാറൂൻ |
| C | നിങ്ങളെ കൈ കാലുകൾ വ്യത്യസ്തമായി മുറിച്ച് ഞാൻ ക്രൂശിക്കും | | ജാലവിദ്യക്കാർ |
| D | ഞങ്ങൾ ലോക രക്ഷിതാവിൽ വിശ്വസിച്ചു | | നാട്ടുകാർ |
| E | ഞങ്ങൾ വിജയിച്ചാൽ ഞങ്ങൾക്ക് പ്രതിഫലമുണ്ടായിരിക്കുമോ? | | അല്ലാഹു |
| F | അന്ന് ഞാനത് ചെയ്തു ഞാൻ പിഴവ് ബാധിച്ചവരിൽ പെട്ടവനായിരുന്നു | | മൂസ |
| G | അവർ എല്ലാ അറിവുള്ള ജാലവിദ്യക്കാരെയും എനിക്ക് കൊണ്ടുവരട്ടെ | | ഫിർഔൻ |

37 ഇബ്റാഹീം ഏക ആരാധ്യനായ അല്ലാഹുവിനെ സ്വീകരിക്കാനുള്ള കാരണങ്ങൾ താഴെ പറയുന്നു. ശരിയായ ക്രമമേത്

1)പ്രതിഫല നാളിൽ എന്റെ തെററ് പൊറുക്കുമെന്ന് ഞാൻ ആശിക്കുന്നവൻ

2) മരിപ്പിക്കുക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നവൻ

3) ഭക്ഷണവും വെള്ളവും നൽകുന്നവൻ

4) സൃഷ്ടിച്ച് സന്മാർഗ്ഗം നൽകുന്നവൻ

5) രോഗം സുഖപ്പെടുത്തുന്നവൻ

| | | | | | | | |
|---|---|---|---|---|---|---|---|
| A | 1,2,3,4,5 | B | 5,4,3,2,1 | C | 4,3,5,2,1 | D | 4,2,5,3,1 |

38- 'ഇത് ഫിർഔനിന് വമ്പിച്ച അടിയാണെന്ന് പറയേണ്ടതില്ലല്ലോ' എന്താണത്? (ശുഅറാഅ് വിവരണം)

| | | | |
|---|---|---|---|
| A | ജാലവിദ്യക്കാരുടെ പ്രകടനം പരാജയപ്പെട്ടത് | C | ജാലവിദ്യക്കാർ സുജൂദിൽ വീഴ്ത്തപ്പെട്ടത് |
| B | ജാലവിദ്യക്കാർ ആദ്യം വടികളും കയറുകളും ഇട്ടത് | D | ജാലവിദ്യക്കാർ സമ്മാനം ചോദിച്ചത് |

39- എല്ലാ നബിമാരുടെയും പ്രഥമവും പ്രധാനവുമായ പ്രബോധന ദൗത്യമേത്?

| | | | |
|---|---|---|---|
| A | തൗഹീദിലേക്ക് ക്ഷണിക്കുക | C | സദാചാരം കൽപ്പിക്കുക |
| B | ദുരാചാരത്തിൽ നിന്ന് മോചിപ്പിക്കുക | D | ആനുകാലിക വിഷയങ്ങൾ ഉൽബോധിപ്പിക്കുക |

40- ഉറുമ്പിന്റെ സംസാരം കേട്ടപ്പോൾ സുലൈമാൻ നബിക്ക് തോന്നിയതെന്ത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ജാഗ്രത | B | തമാശ | C | അഭിമാനം | D | ദൈവസ്മരണ |

41- ദാവൂദ് നബിയേക്കാൾ സുലൈമാൻ നബിക്കുള്ള സവിശേഷതയെന്ത്?

| | | | |
|---|---|---|---|
| A | പക്ഷി മൃഗാതികളുടെ സംസാരം മനസ്സിലാക്കുക | C | പടയങ്കി നിർമ്മാണ നൈപുണ്യം |
| B | അല്ലാഹുവിനോടുള്ള കൂടിയ നന്ദി | D | പിശാചിലും കാററിലും സ്വാധീനം |

42- ഫിർഔനിനും ജനതക്കും നൽകിയ ഒമ്പത് ദൃഷ്ടാന്തങ്ങളിൽ പെടാത്തത് ഏത്? (സൂറ: നംല് )

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| A | പ്രകാശിക്കുന്ന കൈ | C | പ്രളയം | E | രക്തം | G | ക്ഷാമം | I | പേൻ |
| B | പാമ്പാകുന്ന വടി | D | വെട്ടുകിളി | F | വരൾച്ച | H | ക്ഷേമം | J | തവള |

43 സുലൈമാൻ നബി (അ) മരക്കൊത്തിപ്പക്ഷിയുടെ ഹാജരില്ലായ്മക്ക് കഠിന ശിക്ഷ വിധിച്ചതിൽ നിന്ന് മനസ്സിലാക്കേണ്ട സുപ്രധാന വിഷയം?

| | | | |
|---|---|---|---|
| A | മറഞ്ഞ കാര്യം അദ്ദേഹത്തിന്ന് അറിയില്ലായിരുന്നു | C | മരം കൊത്തിപ്പക്ഷി ഒരു അധികപ്പററായിരുന്നു |
| B | സൈന്യത്തിൽ കർശന നിയമമുണ്ടാക്കിയിരുന്നു | D | ജീവ ജന്തുക്കളോട് ക്രൂരമായി പെരുമാറിയിരുന്നു |

44 إنَّ فِي ذَلِكَ لَآيَةً وَمَا كَانَ أَكْثَرُهُمْ مُؤْمِنِينَ ، وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ഈആയത്തുകൾ 9 തവണ വന്നിട്ടുള്ള അധ്യായം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഖസ്വസ് | B | നംല് | C | ശുഅറാഅ് | D | ഫുർഖാൻ |

45- സുലൈമാൻ നബി ഇസ്‌ലാമിലേക്ക് ക്ഷണിച്ചയച്ച കത്തിനോട് ബിൽഖീസിന്റെ സഭാംഗങ്ങളുടെ പ്രതികരണ സൂചന?

| | | | | | | | |
|---|---|---|---|---|---|---|---|
| A | പ്രതിരോധ സമരം | B | അനുകൂലസമർപ്പണം | C | അനുനയ പ്രീണനം | D | സമാധാന ശ്രമം |

46- ബുദ്ധി സാമർത്ഥ്യമുള്ള ഒരു ഭരണാധികാരിയുടെ പ്രതിരോധ നയം ഖുർആൻ പരാമർശിച്ചതെന്ത്?

| | |
|---|---|
| A | അയൽ രാജ്യങ്ങളോട് ശത്രുത പുലർത്തുക |
| B | അന്യരാജാക്കളും സൈന്യവും സ്വരാജ്യത്ത് കടക്കാനുള്ള സാധ്യതകൾ ഇല്ലാതാക്കുക |
| C | പ്രജകൾക്ക് എന്ത് സംഭവിച്ചാലും സ്വന്തം സിംഹാസനം സംരക്ഷിക്കുക |
| D | സ്വന്തം കഴിവും കഴിവുകേടും തിരിച്ചറിയാതെ പൊങ്ങച്ചം പറയുക |

47- ബിൽഖീസിന്റെ ജനത ശിർക്ക് ചെയ്യുന്നത് കണ്ട് മരക്കൊത്തിപ്പക്ഷി അതിശയം പ്രകടിപ്പിച്ചു. ഈ വചനത്തിന്റെ വെളിച്ചത്തിൽ വിശദീകരണം അർഹിക്കാത്ത കാര്യമേത്?

| | |
|---|---|
| A | അല്ലാഹുവിനെയല്ലാതെ ആരാധിക്കുന്നത് തികഞ്ഞ വഴികേടാണെന്ന് എല്ലാ ജീവജാലങ്ങൾക്കുമറിയാം |
| B | മനുഷ്യരെപ്പോലെ അല്ലാഹുവിനോട് നന്ദികെട്ട ജീവി വേറെയില്ല. |
| C | മനുഷ്യനെ വഴിപിഴപ്പിക്കുന്നത് പിശാചാണെന്ന അറിവും മരക്കൊത്തിക്ക് ഉണ്ടായിരുന്നു. |
| D | മരക്കൊത്തിപ്പക്ഷിഅദൃശ്യമായത് അറിവുള്ള അപൂർവ്വ ജീവിയായിരുന്നു. |

48- 'താങ്കളുടെ ദൃഷ്ടി താങ്കളിലേക്ക് തിരിച്ചുവരും മുമ്പ് ഞാനത് (ബിൽഖീസിന്റെ സിംഹാസനം) താങ്കൾക്ക് കൊണ്ടുവന്നു തരാം' എന്നു പറഞ്ഞത് വ്യാഖ്യാനം കൂടാതെ സ്വീകരിക്കാവുന്നത് ആരെന്നാണ്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഇഫ്‌രീത് ജിന്ന് | B | സുലൈമാൻ നബി | C | വേദജ്ഞാനമുള്ളവൻ | D | ആസഫ്ബിൻബർഖിയ |

49- هذا من فضل ربي 'ഇത് എന്റെ രക്ഷിതാവിന്റെ അനുഗ്രഹത്തിൽ പെട്ടതാണ്' ഈ വചനം ആരുടേതായിഉദ്ധരിച്ചതാണ്

| | | | | | | | |
|---|---|---|---|---|---|---|---|
| A | മുഹമ്മദ് നബി (സ) | B | ദാവൂദ് നബി (അ) | C | സുലൈൻ നബി (അ) | D | ഇബ്റാഹീം നബി (അ) |

50- ബിൽഖീസിന്റെ സമ്മാനങ്ങൾ മടക്കി അയക്കാൻ പറഞ്ഞയുടനെ സുലൈമാൻ നബി പറഞ്ഞ വാക്കുകൾ എന്തായിരുന്നു

| | | | |
|---|---|---|---|
| A | നിങ്ങൾ എനിക്ക് ധനം കൊണ്ട് സഹായം നൽകുകയാണോ? | C | നിങ്ങളുടെ സമ്മാനം കൊണ്ട് നിങ്ങൾക്കേ സന്തോഷമുള്ളു |
| B | നിങ്ങൾക്ക് തന്നതിനെക്കാൾ നല്ലത് എനിക്ക് അല്ലാഹു തന്നിട്ടുണ്ട് | D | അവരുടെ അടുത്ത് നേരിടാൻ കഴിവില്ലാത്ത സൈന്യവുമായി നാം വരും |

51- ബിൽഖീസിന്റെ ഇസ്‌ലാം സ്വീകരണ പ്രഖ്യാപനമുണ്ടായതെപ്പോൾ?

| | | | |
|---|---|---|---|
| A | ഇസ്‌ലാമിലേക്ക് ക്ഷണിച്ച കത്ത് കിട്ടിയപ്പോൾ | C | രാജസദസ്സിൽ വിളിച്ച് ചേർത്തപ്പോൾ |
| B | ദൗത്യ സംഘത്തിന്റെ അനുഭവങ്ങൾ പറഞ്ഞുകേട്ടപ്പോൾ | D | പളുങ്ക് കൊട്ടാരത്തിൽ പ്രവേശിച്ചപ്പോൾ |

52- ബൈബിളിൽ സുലൈമാൻ നബിയുടെ കഥ പറഞ്ഞ അധ്യായത്തിന്റെ പേര്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ശലോമോൻ | B | രാജാക്കൾ | C | യരുശലേം | D | യഹോവ |

53- സ്വാലിഹ് നബിയുടെ നാട്ടുകാരായ 9 അംഗ സംഘം അല്ലാഹുവിൽ ശപഥം ചെയ്യിച്ച് പറയിച്ച കാര്യങ്ങളിൽ പെടാത്തത് ഏതാണ്?

| | | | |
|---|---|---|---|
| A | സ്വാലിഹിന്റെ ഒട്ടകത്തെ ഞങ്ങൾ അറുക്കും | C | അവകാശികളോട് നാശ സംഭവം നിഷേധിക്കും |
| B | സ്വാലിഹിനെയും ആളുകളെയും കൊലപ്പെടുത്തും | D | ഞങ്ങൾ സത്യമാണ് പറയുന്നതെന്ന് പറയും |

54- ചരൽവർഷം കൊണ്ട് ശിക്ഷിക്കപ്പെട്ട സമുദായം ------ നബിയുടേതാണ്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സ്വാലിഹ് | B | ലൂത്ത് | C | ഹൂദ് | D | നൂഹ് |

55 നബി (സ) അരുളി: '---------- ന്റെ പ്രാർത്ഥനയെ സൂക്ഷിക്കുക, കാരണം അതിനും അല്ലാഹുവിനും ഇടയിൽ യാതൊരു മറയും ഇല്ല. ആരുടെ പ്രാർത്ഥനയാണ് സൂക്ഷിക്കേണ്ടത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | യാത്രക്കാരന്റെ | B | മാതാവിന്റെ | C | പിതാവിന്റെ | D | അക്രമിക്കപ്പെട്ടവന്റെ |

56- ആയിശ (റ) പ്രസ്താവിച്ചു: നാളെ ഉണ്ടാകുന്ന കാര്യം നബി (സ) അറിയുമെന്ന് ആരെങ്കിലും ജൽപ്പിക്കുന്ന പക്ഷം അവൻ

| | | | |
|---|---|---|---|
| A | അഹ്ലുസ്സുന്നത്തിൽ വിശ്വസിച്ചു | C | അല്ലാഹുവിന്റെ മേൽ വമ്പിച്ച നുണ പറഞ്ഞുപോയി |
| B | അല്ലാഹുവിൽ വിശ്വസിച്ചു | D | നബി (സ)യുടെ മേൽ വമ്പിച്ച നുണ പറഞ്ഞുപോയി |

57- ഫിർഔൻ പറഞ്ഞു: 'എന്താണ് ലോക രക്ഷിതാവെന്ന് പറയുന്നത്'? ഈചോദ്യത്തിലടങ്ങിയ മനോവികാരമെന്ത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | വിജ്ഞാന തൃഷ്ണ | B | വിശ്വാസ ദാഹം | C | പരിഹാസ പ്രകടനം | D | സത്യാന്വേഷണം |

58 ഖിയാമം നാളിൽ ജനങ്ങൾ മൂന്ന് തരക്കാരായി ഒരുമിച്ച് കൂട്ടപ്പെടും. ഒരു തരം കാൽനടക്കാരായി, മറ്റൊരു തരം വാഹനപ്പുറത്തുമായി, മൂന്നാം തരക്കാർ

| | | | | | | | |
|---|---|---|---|---|---|---|---|
| A | മുഖം കുത്തിയവരായി | B | മലക്കുകൾ വഹിക്കുന്നവരായി | C | മലക്കുകൾ അകമ്പടിക്കാരായി | D | കിടന്നവരായി |

59- 'ആരെങ്കിലും പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽക്കർമ്മം ചെയ്യുകയും ചെയ്യുന്നതായാൽ അങ്ങിനെയുള്ളവരുടെ തിന്മകളെ അല്ലാഹു നന്മകളാക്കി മാറ്റുന്നതാകും' ..... (ഫുർഖാൻ: 70)തിന്മകളെ നന്മകളാക്കി മാറ്റുന്നതിന്റെ ഉദ്ദേശ്യത്തിൽ പെടാത്ത കാര്യമേത്?

| | | | |
|---|---|---|---|
| A | പാപത്തിൻെറ ശിക്ഷകൾ ഒഴിവാക്കപ്പെടും | C | പശ്ചാത്തപിച്ചതിന് നല്ല പ്രതിഫലം നൽകപ്പെടും |
| B | ചെയ്ത പാപങ്ങൾക്ക് പുണ്യങ്ങളുടെ ഫലം ലഭിക്കും. | D | ചെയ്തുപോയ പാപങ്ങളുടെ സ്ഥാനത്ത് നന്മ ചെയ്യാനവസരം കിട്ടും |

60 പരലോക വിഷയത്തിൽ അവിശ്വാസികളുടെ അറിവിനെക്കുറിച്ച് (നംല്: 66)ൽ അല്ലാഹു പറയാത്തത് ഏത് കാര്യമാണ്?

| | | | |
|---|---|---|---|
| A | അവരുടെ അറിവ് പൂർണ്ണത പ്രാപിച്ചിരിക്കുന്നു | C | എങ്കിലും അവർ അതിനെക്കുറിച്ച് സംശയത്തിലാണ് |
| B | എങ്കിലും അവർ അതിനെക്കുറിച്ച് അന്ധന്മാരാകുന്നു | D | എങ്കിലും അവർ അതിനെക്കുറിച്ച് വിശ്വാസമില്ലാത്തവനാണ് |

61- അവിശ്വസിച്ചവർ പറയുന്നു: "'ഞങ്ങളും ഞങ്ങളുടെ പിതാക്കളും മണ്ണായാൽ ഞങ്ങൾ നിശ്ചയമായും പുറത്തുകൊണ്ടു വരപ്പെടുമെന്നോ'" അവരോട് ഖുർആൻ പറയുന്ന മറുപടി (നംല്: 67). "അവരോട് പറയുക നബിയേ...

| | |
|---|---|
| A | നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ച് കുററവാളികളുടെ പര്യവസാനം എങ്ങനെയാണുണ്ടായതെന്ന് നോക്കുവിൻ |
| B | അന്നേ ദിവസം ഒരു ആത്മാവും അക്രമിക്കപ്പെടുകയില്ല. അവർ ചെയ്തതിനല്ലാതെ പ്രതിഫലം നൽകപ്പെടില്ല. |
| C | കാഹളത്തിൽ ഊതപ്പെട്ടാൽ അന്നേ ദിവസം എല്ലാവരും ഖബ്റിടങ്ങളിൽ നിന്ന്പുറത്തുകൊണ്ടുവരപ്പെടും |
| D | നിങ്ങൾ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നത് ഒരു പക്ഷേ നിങ്ങൾക്ക് അടുത്തു തന്നെ വരുകയുണ്ടായേക്കാം |

62- അല്ലാഹുവിന്റെ അടിമയും പ്രവാചകനുമായ ഈസാ നബിയെക്കുറിച്ച് കൃസ്ത്യാനികളും ജൂതന്മാരും പ്രചരിപ്പിക്കുന്ന കള്ളക്കഥകൾ നിരവധിയാണ്, അതിൽ പെടാത്തത് ഏത്?

| | | | |
|---|---|---|---|
| A | കൃസ്ത്യാനികൾ: 'സാക്ഷാൽ ദൈവമാണ്, ദൈവ പുത്രനാണ്' | C | കൃസ്ത്യാനികൾ: 'ത്രിയേക ദൈവമാണ്'. |
| B | ആഹൂദികൾ; വ്യഭിചാരപുത്രനാണ്, ആഭിചാരിയാണ്' | D | യഹൂദികൾ: 'മർയമിന് ദൈവത്തിൽ പിറന്നവനാണ്' |

63 ഈ പാഠഭാഗത്തിൽ മൂസാ നബിയുടെ ചരിത്രം പറയാത്ത അധ്യായമേത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഫുർഖാൻ | B | ശുഅറാഅ് | C | അധ്യായമില്ല | D | ഖസ്വസ് |

64 വിശുദ്ധ ഖുർആൻ അവതരിച്ച് പൂർത്തിയായത് ------ വർഷം?

| | | | | | | | |
|---|---|---|---|---|---|---|---|
| A | 40 | B | 23 | C | 63 | D | 50 |

65- ഖുർആൻ ഒട്ടാകെ ഒന്നായി ഇറക്കപ്പെടാത്തതെന്താണ് എന്ന അവിശ്വാസികളുടെ ചോദ്യത്തോടൊപ്പം ഖുർആൻ നൽകുന്ന മറുപടി ഏത്?

| | | | |
|---|---|---|---|
| A | നിന്റെ ഹൃദയത്തെ ഇത് കൊണ്ട് സ്ഥിരപ്പെടുത്താൻ | C | സാന്ദർഭികമായ ജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകാൻ |
| B | മറവിയും തെറ്റും പിണയാതെ സൂക്ഷിക്കാൻ | D | എഴുത്തും വായനയുമറിയാത്ത നിനക്ക് മനപ്പാഠമാക്കാൻ |

66 നന്മയിൽ വെച്ച് ഏററവും പ്രഥമവും പ്രധാനവുമായത് എന്താകുന്നു?

| | | | |
|---|---|---|---|
| A | സൽക്കർമ്മങ്ങൾ | C | ഏകദൈവ(തൗഹീദ്)ത്തിലുള്ള വിശ്വാസം |
| B | സൽസ്വഭാവം | D | ദാന ധർമ്മങ്ങൾ |

67- സൂറ: നംലിന്റെ സമാപനത്തിൽ നബിയോട് പറയാൻ കൽപ്പിച്ച കാര്യങ്ങളിൽപെടാത്തത്?

| | |
|---|---|
| A | ഈ രാജ്യത്തെ പരിപാവനമാക്കിയ റബ്ബിനെ ആരാധിക്കാൻ മാത്രമാണ് എന്നോട് കൽപ്പിച്ചിരിക്കുന്നത് |
| B | ഞാൻ മുസ്ലിംകളിൽ പെട്ടവനായിരിക്കാൻ എന്നോട് കൽപ്പിച്ചിരിക്കുന്നു |
| C | ഞാൻ ഖുർആൻ പാരായണം ചെയ്യാൻ കൽപ്പിച്ചിരിക്കുന്നു |
| D | നിങ്ങളുടെപ്രാർത്ഥനയില്ലെങ്കിൽ നിങ്ങളെ വക വെക്കുകയില്ലന്നോർക്കുക |

68-76 തന്നിട്ടുള്ള കാലിയായ കോളത്തിൽ 'പരമകാരുണികന്റെ അടിയാന്മാരു'ടെ ലക്ഷണമായ സൽഗുണങ്ങളുടെ ശരിയായ ക്രമത്തിലുള്ള അക്ഷരങ്ങൾ എടുത്തെഴുതുക.

| | |
|---|---|
| A | നടത്തം വിനയത്തോടെയായിരിക്കും |
| B | കാര്യവിവരമില്ലാത്തവരോട് സമാധാനപരമായ വാക്കുകൾ പറയും |
| C | അമിതവ്യയമോ പിശുക്കോ കാണിക്കുകയില്ല |
| D | കൃത്രിമത്തിന് സാക്ഷിയാവുകയില്ല, വ്യർത്ഥമായ കാര്യന്നരികിലൂടെ മാന്യമായി നടന്നുപോവും |
| E | അല്ലാഹുവിനെയല്ലാതെ വിളിച്ചു പ്രാർത്ഥിക്കുകയില്ല<br>അന്യായമായി കൊല നടത്തുകയില്ല, വ്യഭിചരിക്കില്ല |
| F | റബ്ബേ, നരക ശിക്ഷയിൽ നിന്ന് ഒഴിവാക്കിത്തരേണമേ എന്ന് പറയും |
| G | വേദവാക്യങ്ങളോട് അശ്രദ്ധയും അവഗണനയും കാണിക്കുകയില്ല |
| H | രാത്രി സാഷ്ടാംഗ നമസ്കാരമായി കഴിച്ചുകൂട്ടും |
| I | റബ്ബേ, ഞങ്ങളുടെ ഭാര്യമാരിലും സന്തതികളിലും നീ ഞങ്ങൾക്ക് കൺകുളിർമ്മ തരേണമേ, ഞങ്ങളെ ഭക്തന്മാർക്ക് മുമ്പന്മാരാക്കുകയും ചെയ്യേണമേ എന്ന് പ്രാർത്ഥിക്കും.. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |

77 'അല്ലാഹുവേ, ഇതാണ് നിന്റെ പക്കൽ നിന്നുള്ള യഥാർത്ഥമെങ്കിൽ നീ ഞങ്ങളുടെ മേൽ കല്ലുമഴ വർഷിപ്പിച്ചേക്കുക, അല്ലെങ്കിൽ ഞങ്ങൾക്ക് വേദനയേറിയ വല്ല ശിക്ഷയും കൊണ്ടു വന്നേക്കുക' എന്ന് അല്ലാഹുവിനോട് വിളിച്ചു പ്രാർത്ഥിച്ചത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സത്യവിശ്വാസികൾ | B | മൂസാനബിയുടെജനത | C | മക്കാമുശ്രിക്കുകൾ | D | സമൂദ് ഗോത്രം |

78 ഖുർആനിന്റെ മറെറാരു പേര്

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഫുർഖാൻ | B | ബുശ്റാ | C | ശുഅറാഅ് | D | നംല് |

79 വേദക്കാരായ 7 പേർ അടങ്ങിയ നിവേദക സംഘത്തിന് മുഹമ്മദ് നബി (സ) യാസീൻ സൂറത്ത് ഓതികേൾപ്പിച്ചു. ആരാണവർ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | നജ്റാനികൾ | B | അബ്സീനിയക്കാർ | C | സിറിയക്കാർ | D | ഫലസ്തീനികൾ |

80 ഒരു തൊഴിലാളിക്കുണ്ടായിരിക്കേണ്ട യോഗ്യതയായി സൂറ: ഖസ്വസിൽ പറഞ്ഞ കാര്യങ്ങൾ?

| | | | |
|---|---|---|---|
| A | യോഗ്യതയും പരിചയവും | C | ശക്തിയും വിശ്വസ്തതയും |
| B | ശക്തിയും യോഗ്യതയും | D | വിദ്യാഭ്യാസവും ആത്മാർത്ഥതയും |

81 നബി (സ) അരുളി: 'നിർബന്ധ നമസ്കാരം കഴിച്ചാൽ പിന്നെ നമസ്കാരത്തിൽ ഏററവും ശ്രേഷ്ഠമായ നമസ്കാരം

| | | | | | | | |
|---|---|---|---|---|---|---|---|
| A | റവാത്തിബ് | B | മയ്യിത്ത് നമസ്കാരം | C | യാത്രയിലെ നമസ്കാരം | D | രാത്രി നമസ്കാരം |

82 നബി വചന പ്രകാരം മനുഷ്യൻ മരണപ്പെട്ടാലും മുറിഞ്ഞുപോകാത്ത മൂന്ന് കാര്യങ്ങളിൽ ഒന്ന് ------- ആണ്?

| | | | |
|---|---|---|---|
| A | അധ്വാനിച്ച് ഉണ്ടാക്കിയ സ്വത്തുക്കൾ | C | കാലശേഷം ഉപകാരപ്രദമായിത്തീരുന്ന അറിവ് |
| B | ഓമനിച്ച് വളർത്തിയ മക്കൾ | D | പേരും പ്രതിഫലവും കാംക്ഷിച്ച് ചെയ്ത ദാനധർമ്മം |

83- 88 നന്മതേടുന്ന ( استخارة )പ്രാർത്ഥനയുടെ ആദ്യഭാഗം ക്രമപ്രകാരം അക്ഷരങ്ങൾ എടുത്തെഴുതുക

| | | | | | |
|---|---|---|---|---|---|
| [illegible] | وَتعلم وَلا اعلم | C | فإنك تقدرولا اقدر | E | اللهم إني استخيرك بعلمك |
| B | وَاستقدرك بقدرتك | D | وانت علام الغيوب | F | وأسئلك من فضلك العظيم |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

89- 'അമിത വ്യയം എന്നാൽ' ഹദീസുകളിൽ നിന്ന് മനസ്സിലാകുന്നത്?

| | | | |
|---|---|---|---|
| A | അല്ലാഹുവിനെ അനുസരിച്ച് കൊണ്ട് നൽകുന്ന വമ്പിച്ച തുകകൾ | C | അല്ലാഹുവിന് അനുസരണക്കേട് കാണിക്കുന്ന കാര്യത്തിലെ സംഖ്യകൾ |
| B | വ്യക്തിപരമായ കാര്യങ്ങൾക്ക് സ്വയം ചിലവഴിക്കുന്ന സ്വത്തുക്കൾ | D | സക്കാത്തിനും ദാനധർമ്മങ്ങൾക്കും പുറമേ നൽകുന്ന സംഭാവനകൾ |

90 ഈജിപ്തിലെ പൂർവ്വ നിവാസികൾ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ജൂതന്മാർ | B | ഇസ്റാഈല്യർ | C | ഖിബ്തികൾ | D | മങ്കോളിയർ |

91 "നിശ്ചയം നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗ്ഗത്തിലാക്കുകയില്ല" ഈ ആയത്തിറങ്ങാനുള്ള പശ്ചാത്തലം?

| | | | |
|---|---|---|---|
| A | ഇബ്റാഹീം നബിയും പിതാവും | C | ലൂത്വ് നബിയു ഭാര്യയും |
| B | അബൂത്വാലിബും മുഹമ്മദ് നബിയും | D | നൂഹ് നബിയും മകനും |

92 മൂസാ നബി (അ)യെ ആദ്യം പാലൂട്ടിയത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സഹോദരി | B | മാതാവ് | C | ഫറോവയുടെ ഭാര്യ | D | കൊട്ടാര ഭൃത്യ |

93 حكم (ഹുക്മ്) എന്ന പദത്തിന്റെ അർത്ഥത്തിൽ പെടാത്തത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | വിധി | B | വിജ്ഞാനം | C | ദയ | D | വിധികർതൃത്വം |

94- മൂന്ന് ആളുകൾക്ക് രണ്ട് പ്രാവശ്യം പ്രതിഫലം കിട്ടും (ഹദീസ്) അവരിൽ പെടാത്തത്?

| | | | |
|---|---|---|---|
| A | മുഹമ്മദ് നബിയിൽ വിശ്വസിച്ച വേദക്കാർ | C | അല്ലാഹുവിനും യജമാനനും അനുസരിക്കുന്ന അടിമ |
| B | നബിയുടെ ഖബർ സന്ദർശിക്കുന്ന വിശ്വാസി | D | അടിമ സ്ത്രീക്ക് ശിക്ഷണം നൽകി മോചിപ്പിച്ച് അവളെ വിവാഹം ചെയ്തവൻ |

95- 40 ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ലെന്ന് നബി (സ) പറഞ്ഞത് ആരപ്പററി?

| | | | |
|---|---|---|---|
| A | മോഷണം പതിവാക്കിയവൻ | C | പരസ്പരം പിണങ്ങി ജീവിക്കുന്നവൻ |
| B | വ്യഭിചാരി | D | പ്രശ്നക്കാരൻ പറയുന്നത് സ്വീകരിക്കുന്നവൻ |

96 കൂട്ടത്തിൽ ചേരാത്തത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഫിർഔൻ | B | ഹാമാൻ | C | ഹാറൂൻ | D | ഖാറൂൻ |

97 അക്രമി കൈ കടിക്കുന്ന ദിവസം 'ഞാൻ റസൂലിന്റെ കൂടെ ഒരു മാർഗ്ഗം സ്വീകരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ! ' (ഫുർഖാൻ: 27) ഇതിന്റെ അവതരണ പശ്ചാത്തലത്തിൽ റസൂലിനെ ഉപദ്രവിച്ച വ്യക്തി?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഉഖ്ബത്ത് | B | ഉബയ്യ് | C | ഉത്ത്ബത്ത് | D | ശൈബത്ത് |

98- പ്രവാചക കരങ്ങളാൽ വധിക്കപ്പെട്ട വ്യക്തി?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഉത്ബത് | B | ഉബയ്യുബ്നു ഖലഫ് | C | ഉഖ്ബതുബ്നു അബീമുഐത്വ | D | ശൈബത് |

99 സ്വഛ ജലവും കയ്പായ ഉപ്പുജലവുമുള്ള ഇരു സമുദ്രങ്ങൾ പരസ്പരം കൂടിക്കലരാതെ ഒന്നിച്ച് ഒഴുക്കുന്നവൻ അല്ലാഹുവാണ് .... ഇരു സമുദ്രങ്ങളേയും അമാനി മൗലവി ഉപമിച്ചത് എന്തിനോടാണ്

| | | | |
|---|---|---|---|
| A | മുസ്ലിംകളും അമുസ്ലിംകളും | C | രാത്രിയും പകലും |
| B | സത്യവിശ്വാസവും അവിശ്വാസവും | D | അന്റാർട്ടിക് പെസഫിക് സമുദ്രം |

100 സൂറ: അൽഫുർഖാനിൽ അല്ലാഹുവല്ലാത്തവരെ ദൈവമാക്കുന്നതിന്റെ നിരർത്ഥതക്ക് തെളിവായുദ്ധരിച്ച 3 കാരണങ്ങളിൽ പെടാത്ത കാര്യമേത്? അല്ലാഹുവല്ലാത്തവർ ----------

| | | | |
|---|---|---|---|
| A | സൃഷ്ടിക്കാൻ കഴിവുള്ളവരല്ല | C | ഉപകാരവും ഉപദ്രവവും ചെയ്യാൻ കഴിയില്ല |
| B | ശുപാർശക്ക് കഴിയില്ല | D | ജീവിത മരണ വിഷയങ്ങളിൽ സ്വാധീനമില്ല |

*********